LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ക്ഷേത്രത്തിനുള്ളിൽ പുതിയ കൗണ്ടർ തുറക്കാൻ നടപടി

71 [386] ശ്രീ. കെ. സി. ജോസഫ്:

„ കെ. അച്ചുതൻ:

„ കെ. സി. വേണുഗോപാൽ:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എഴുകോൺ നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരപ്പന് തുലാഭാരം നേർച്ചയുമായി വരുന്നവരിൽനിന്നും പണം സ്വീകരിക്കുന്നതിന് എത്ര കൗണ്ടറുകൾ തുറന്നിട്ടുണ്ട്;

(ബി) ഏതെല്ലാം വിധത്തിലുള്ള തുലാഭാരം ആണ് അവിടെ നടത്തുന്നത്;

(സി) നാലമ്പലത്തിനുള്ളിൽ മറ്റൊരു തുലാഭാര കൗണ്ടർ തുറക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) രണ്ട് കൗണ്ടറുകൾ.

(ബി) ധാന്യം, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ, നെയ്യ്, വെണ്ണ, ശർക്കര, പഞ്ചസാര, താമരപ്പൂവ്, ഇരുമ്പ്, കുന്നിക്കുരു തുടങ്ങി വിവിധങ്ങളായ അമ്പതിൽപ്പരം സാധനങ്ങൾകൊണ്ട് തുലാഭാരം നടത്താറുണ്ട്.

(സി) നാലമ്പലത്തിനുള്ളിൽ മറ്റൊരു തുലാഭാര കൗണ്ടർ തുറക്കാൻ നിലവിലുള്ള ക്ഷേത്രാചാരങ്ങൾ അനുവദിക്കുന്നില്ല.

പെരുമ്പാവൂരിലെ ഇരിങ്ങോൾ ദേവീക്ഷേത്രത്തിന്റെ പുനരുദ്ധാരണം

72 [387] ശ്രീ. സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ പ്രശസ്തമായ ഇരിങ്ങോൾ ദേവീക്ഷേത്രം ഭാഗികമായി തകർന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രത്തിന്റെ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുന്നതിനും മേച്ചിൽ ചെമ്പുതകിട് പൊതിഞ്ഞു സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇരിങ്ങോൾ ദേവീക്ഷേത്രം ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കാനും, പെരുമ്പാവൂർ നഗരത്തിൽ വനമദ്ധ്യത്തിലുള്ള ക്ഷേത്രം പുനരുദ്ധരിച്ച് ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുവാനും എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?